വൈദ്യരത്നം പി.എസ്. വാരിയരുടെ 150-ാം ജന്മവാർഷികാഘോഷം
- 16.01.2020 - 3 pm - ആര്യവൈദ്യശാല കോട്ടയ്ക്കൽ

# വൈദ്യരത്നം പി.എസ്. വാരിയർ

ആര്യവൈദ്യശാലയുടെ സ്ഥാപകനും നവോത്ഥാനനായകനുമായ വൈദ്യരത്നം പി.എസ്. വാരിയരുടെ 150-ാം ജന്മവാർഷികാചരണത്തിൽ പങ്കുകൊള്ളുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ആയുർവേദത്തിന്റെ സമുദ്ധാരകൻ, കവി, നാടകപ്രവർത്തകൻ, സമർത്ഥനായ സംഘാടകൻ, സർവ്വമതസഹഭാവനയോടെ പ്രവർത്തിച്ച തികഞ്ഞ മനുഷ്യസ്നേഹി എന്നീ നിലകളിലെല്ലാം മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച മഹാൻ ആണ് ശ്രീ പി.എസ്. വാരിയർ.

കോട്ടയ്ക്കൽ എന്ന ദേശത്തിന് നമ്മുടെ ചരിത്രത്തിൽ സാംസ്കാരികമായും രാഷ്ട്രീയമായും സമുന്നതമായ സ്ഥാനമുണ്ട്. സംസ്കൃതപാണ്ഡിത്യത്തിൽ എക്കാലത്തും മുൻനിരയിൽ നിൽക്കാൻ അർഹതയുള്ള സ്ത്രീരത്നം ആയിരുന്നു മനോരമത്തമ്പുരാട്ടി; മലയാളത്തെ സമ്പുഷ്ടമാക്കിയ മഹാഭാരതപരിഭാഷ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആരംഭിച്ചത് ഇവിടെവെച്ചാണ്, കവനകൗമുദി ഉൾപ്പെടെ അഞ്ച് ആനുകാലികങ്ങൾ ഇവിടെനിന്ന് പ്രസിദ്ധീകരിച്ചിരുന്നു. സാംസ്കാരികമായ ഈ നേട്ടങ്ങൾക്കൊപ്പം കഴിഞ്ഞനൂറ്റാണ്ടിലെ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത പ്രദേശം എന്ന ഖ്യാതികൂടി ഉണ്ട് കോട്ടയ്ക്കലിന്. സർവ്വാദരണീയരായ കെ. കേളപ്പൻ, എ.കെ.ജി., മൊയ്തുമൗലവി, ഇ.എം.എസ്., അബ്ദുറഹ്മാൻ സാഹിബ് തുടങ്ങിയ ദേശീയ സ്വാതന്ത്ര്യസമരനായകരുടെ പ്രധാനപ്രവർത്തനകേന്ദ്രങ്ങളിൽ ഒന്നായിരുന്നു കോട്ടയ്ക്കൽ ഗ്രാമം. ജയപ്രകാശ് നാരായണനെപ്പോലുള്ളവരുടെ സാന്നിദ്ധ്യം ഇവിടുത്തെ സ്വാതന്ത്ര്യസമരപ്രവർത്തകരെ ആവേശം കൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞനൂറ്റാണ്ടിലെ ആദ്യപകുതിയിൽ കോട്ടയ്ക്കൽ കൈവരിച്ച സാംസ്കാരികവും രാഷ്ട്രീയവുമായ പ്രബുദ്ധതയ്ക്ക് നേതൃത്വം നൽകിയത് കോട്ടയ്ക്കൽ ആര്യവൈദ്യശാല ആയിരുന്നു എന്നോർക്കുന്നത് ഏറെ അഭിമാനകരമാണ്. മാത്രവുമല്ല, ആയുർവേദത്തിന്റെ സമുദ്ധരണത്തിനുവേണ്ടി പി.എസ്. വാരിയർ നടത്തിയ പ്രവർത്തനങ്ങൾ തന്നെ, ഒരർത്ഥത്തിൽ, ഇന്ത്യയിൽ ഒട്ടാകെ രൂപംകൊണ്ടുവന്നിരുന്ന ദേശീയ പ്രബുദ്ധതയുടെ ഭാഗമായിരുന്നു.

വൈദേശികഭരണം ഉറപ്പിക്കുന്നതിനുവേണ്ടി അവർ പ്രയോഗിച്ച ഒരു തന്ത്രം വിവിധരംഗങ്ങളിൽ ഭാരതം ആർജിച്ചിരുന്ന നേട്ടങ്ങളെ നിസ്സാരവൽക്കരിക്കുകയും വൈദേശികമായതിനെ മഹത്ത്വവൽക്കരിക്കുകയുമായിരുന്നു. ഇതിനെതിരെയായിരുന്നു മഹാകവി ടാഗോറിന്റെ നേതൃത്വത്തിൽ ഭാരതീയകലകളുടെ സ്വത്വം പ്രകാശിപ്പിക്കുന്നതിന് ശാന്തിനികേതൻ സ്ഥാപിച്ചത്. ഇതാണ് മഹാകവി വള്ളത്തോളിന് കലാമണ്ഡലം സ്ഥാപിക്കാൻ പ്രചോദകമായത്. ശാന്തിനികേതൻ സ്ഥാപിച്ച് ഒരുവർഷത്തിന് ശേഷമാണ് 1902-ൽ പി.എസ്. വാരിയർ കോട്ടയ്ക്കൽ എന്ന ഗ്രാമത്തിൽ ആര്യവൈദ്യശാല സ്ഥാപിച്ചത്.

സമാദരണീയനായ, ഋഷിതുല്യനായ ഡോ. പി.കെ. വാരിയർ തന്റെ ആത്മകഥയിൽ അക്കാലത്തെ അനുസ്മരിക്കുന്നുണ്ട്. ആയുർവേദം പഠിക്കുന്നതും ദേശീയസമരത്തിന്റെ ഭാഗമാണെന്നാണ് ദേശീയനേതാക്കൾ അവരെ ഉപദേശിച്ചത്. ഇ.എം.എസിന്റെ ഉപദേശം ഇതായിരുന്നു.

> മണ്ണാൻ വൈദ്യന്റെ അടുത്തുപോയാൽ കുട്ടികളുടെ രോഗം ചികിത്സിച്ചു മാറ്റാം. പക്ഷേ എങ്ങനെയാണ് മാറിയത് എന്നുപറയാൻ അയാൾക്ക് അറിയില്ല. അതു കണ്ടുപിടിക്കലാണ് നിങ്ങളുടെ ജോലി. അതിന് ആയുർവേദം ശാസ്ത്രീയമായിത്തന്നെ പഠിക്കണം.

ആയുർവേദത്തിന്റെ സാധുതയും ശാസ്ത്രീയതയും കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ദേശീയബോധത്തിന്റെ ഭാഗമാണെന്നായിരുന്നു അവരുടെ നിലപാട്.

ആര്യവൈദ്യശാല സ്ഥാപിക്കുകവഴി ആയുർവേദത്തെ സമുദ്ധരിക്കുക മാത്രമല്ല നവീകരിക്കുകയും കൂടിയാണ് പി.എസ്. വാരിയർ ചെയ്തത്. പ്രാചീനശാസ്ത്രത്തെ ഏറ്റവും ആധുനികമായരീതിയിൽ ലോകത്തിന് പരിചയപ്പെടുത്തിയതാണ് പി.എസ്. വാരിയരുടെ മഹത്ത്വത്തിന് നിദാനം. കോട്ടയ്ക്കൽ എന്ന പദം ആയുർവേദത്തിന്റെ പര്യായമായി മാറിയതും അനേകം വിദേശികൾ ആയുർവേദത്തിന്റെ മഹത്ത്വം മനസ്സിലാക്കി കേരളത്തിലേയ്ക്കെത്തുന്നതും ആയുർവേദത്തിന്റെ ആധുനികപ്രസക്തി അവർക്ക് മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ടാണ്.

***  ***  ***

യഥാർത്ഥ മനുഷ്യസ്നേഹി എന്നനിലയിലുള്ള പി.എസ്. വാരിയരുടെ പ്രവർത്തനങ്ങൾ എക്കാലത്തും നമുക്ക് മാതൃകയാകേണ്ടതാണ്. യാഥാസ്ഥിതികമായ സാഹചര്യങ്ങളിലാണ് അദ്ദേഹം ജനിച്ചതും വളർന്നതും. അയിത്തവും വിവേചനങ്ങളും നടമാടിയിരുന്ന കാലമായിരുന്നു അത്. എന്നാൽ പി.എസ്. വാരിയർ അതൊന്നും ആചരിച്ചിരുന്നില്ല. എല്ലായ്പ്പോഴും നാനാജാതി ജനങ്ങളുടെ നടുവിലായിരുന്നു അദ്ദേഹം. ചികിത്സാകാര്യങ്ങൾ ഒഴിഞ്ഞസമയത്ത് അദ്ദേഹം തന്റെ നാടകസംഘത്തിലെ കലാകാരന്മാരുടെ നടുവിലായിരുന്നു. അവരിൽ പലജാതിക്കാരും പലസ്വഭാവക്കാരുമുണ്ടായിരുന്നു. അതൊന്നും അദ്ദേഹം കണക്കാക്കിയിരുന്നില്ല. അതുകൊണ്ടാണ് ക്ഷേത്രപ്രവേശനത്തെ അദ്ദേഹം സർവ്വാത്മനാ അനുകൂലിച്ചത്. ഗുരുവായൂർ സത്യാഗ്രഹകാലത്ത് ശ്രീ കേളപ്പന്റെ ഉപവാസം അവസാനിപ്പിക്കാൻ സാമൂതിരിയുമായുള്ള സൗഹൃദത്തെ പലവിധത്തിലും അദ്ദേഹം പ്രയോജനപ്പെടുത്തി. സമരത്തിന് ശേഷവും സാമൂതിരിക്ക് കേളപ്പനോടുണ്ടായ നീരസം മാറ്റുന്നതിന് അവർ തമ്മിലൊരു കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കിയതും ശ്രീ പി.എസ്. വാരിയരാണ്. പൊതുകാര്യങ്ങളിലുള്ള മതാതീതമായ ഈ മനസ്സാണ് അദ്ദേഹം നിർമ്മിച്ച വിശ്വംഭരക്ഷേത്രത്തിൽ ജാതിമതഭേദങ്ങളില്ലാതെ സർവ്വർക്കും പ്രവേശനം നൽകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. നാല് വർഷം കഴിഞ്ഞാണ് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായത്; ഒന്നരദശകം കഴിഞ്ഞാണ് മലബാറിൽ വിളംബരം വന്നത്. ഈ രണ്ടു വിളംബരങ്ങളിലും പ്രവേശനം ഹിന്ദുക്കൾക്കായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ ആ വിവേചനം പോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ശ്രീനാരായണഗുരു അരുവിക്കരയിൽ ആരംഭിച്ച സർവ്വരും

സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമെന്ന നവോത്ഥാനസങ്കല്പത്തിന്റെ തുടർച്ചയാണ് പി.എസ്. വാരിയരുടെ വിശ്വംഭരക്ഷേത്രം എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. നമ്മുടെ തൊട്ടുമുൻപിൽ കാണുന്ന കൈലാസമന്ദിരത്തിന്റെ കവാടത്തിൽ, സർവ്വമതചിഹ്നങ്ങളും കൊത്തിവെച്ച് ധർമ്മത്തിനാണ് ജയം എന്ന് ആലേഖനം ചെയ്തപ്പോൾ, തന്റെ സർവ്വമത സമഭാവനയുടെ മറ്റൊരു സ്മാരകം ഉയർത്തുകയായിരുന്നു അദ്ദേഹം.

എന്നാൽ ഈ ധർമ്മസങ്കല്പം പ്രാവർത്തികമാക്കുന്നതിൽ വെല്ലുവിളികൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നിട്ടുണ്ട്. അത്തരത്തിലൊന്നായിരുന്നു 1921-ലെ മലബാർ കലാപം. നമുക്കറിയാവുന്നതുപോലെ തുടക്കത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഒത്തുചേർന്നു ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നടന്ന സമരമായിരുന്നു അത്. സമരം ശക്തമാകുകയും സാമ്രാജ്യത്വത്തിന് ഭീഷണിയാകുകയും ചെയ്തപ്പോൾ, സാധാരണ ചെയ്യാറുള്ളതുപോലെ, ഈ ഐക്യം തകർത്ത്, വിഭജിച്ച് ഭരിക്കാൻ ഭരണകൂടം തന്ത്രങ്ങൾ മെനഞ്ഞു. സ്വാതന്ത്ര്യസമരത്തെ ഹിന്ദു-മുസ്ലീം ലഹളയാക്കി മാറ്റാൻ അങ്ങനെ ബ്രിട്ടീഷ് ഭരണത്തിന് കഴിഞ്ഞു. ഇതുകൊണ്ട് യാതനകൾ അനുഭവിച്ചത് മുസ്ലീങ്ങളായിരുന്നു. ഗൂർഖപട്ടാളത്തിന്റെ കിരാത നടപടികളായിരുന്നു ഏറനാടും പരിസരങ്ങളിലും. കയ്യിൽ കിട്ടിയ പുരുഷന്മാരെയെല്ലാം പട്ടാളം മർദ്ദിച്ചു, നാടുകടത്തി. ഒരൊറ്റ മുസ്ലിം കുടുംബത്തിൽപോലുമില്ല ആണുകൾ. വീടുകളിൽ സ്ത്രീകളും കുട്ടികളും കഷ്ടത്തിലായി. പി.എസ്. വാരിയരാണ് അവരുടെ വീടുകളിൽ കഞ്ഞിക്കുള്ള അരി എത്തിക്കാൻ നടപടി എടുത്തത്. അതുവലിയ ആക്ഷേപത്തിന് കാരണമായി. പി.എസ്. വാരിയർ ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ പ്രവർത്തിക്കുന്നു എന്നു ചിലർ പരാതി അയച്ചു. അന്വേഷണത്തിന് വന്ന ഉദ്യോഗസ്ഥന്മാരോട് അദ്ദേഹം പറഞ്ഞു-

> ഞാനിവിടെ ഇരിക്കുമ്പോൾ സ്ത്രീകളും കുഞ്ഞുങ്ങളും പട്ടിണി കിടക്കാൻ അനുവദിക്കില്ല. വിശപ്പ്, അതെല്ലാവർക്കും - ഹിന്ദുവിനും മുസ്ലീമിനും - ഒരുപോലെയാണ്. അവരുടെ രക്ഷാകർത്താക്കളായ പുരുഷന്മാർ മടങ്ങിവരുന്നതുവരെ ഞാനിനിയും അവരെ രക്ഷിക്കും.

ഭാരതസേവാസംഘം പ്രസിഡന്റ് ശ്രീ ജി.കെ. ദേവധാറിനോട് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പരിധിയിൽ മുസ്ലിം സ്ത്രീകളെയും കുട്ടികളെയും ഉൾപ്പെടുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 'ലഹളകഴിഞ്ഞ്, ഒരു ഹിന്ദു മുസ്ലീമിനനുകൂലമായി സംസാരിക്കുന്നത് താൻ ആദ്യമായിട്ടാണ് കേൾക്കുന്നതെന്ന് അദ്ദേഹം അദ്ഭുതപ്പെട്ടു.'

സനാതനമായ വിശ്വാസങ്ങൾ മുറുകെപ്പിടിക്കുന്ന യാഥാസ്ഥിതികനായ ഒരു മതവിശ്വാസിക്ക് മറ്റുള്ളവരോടുള്ള മനോഭാവമെന്തായിരിക്കണമെന്നതിന്റെ ഉത്തമമാതൃകയാണ് വൈദ്യരത്നം പി.എസ്. വാരിയർ. ആയുർവേദത്തോടായിരുന്നു അദ്ദേഹത്തിന് ഏറ്റവും ഇഷ്ടം; അതുകഴിഞ്ഞാൽ കലകളോട്. എന്നാൽ എല്ലാറ്റിനുമുപരി അദ്ദേഹം മനസ്സിൽ പ്രതിഷ്ഠിച്ചത് മനുഷ്യനെയാണ് - സത്വശുദ്ധിയാർന്ന മനുഷ്യനെ.

തന്റെ ആദർശങ്ങളെ അണുവിട തെറ്റാതെ മുന്നോട്ട് കൊണ്ടുപോകാൻപറ്റുന്ന പിൻഗാമികളെ ലഭിച്ചു എന്നതാണ് വൈദ്യരത്നത്തിന്റെ ഭാഗ്യം. അദ്ദേഹത്തെ പിന്തുടർന്ന ആര്യവൈദ്യൻ പി. മാധവവാരിയരും ഏഴുദശകമായി ഈ സ്ഥാപനത്തെ നയിക്കുന്ന ശ്രീ പി.കെ. വാരിയരും ആര്യവൈദ്യശാലയുടെ മാത്രമല്ല നമ്മുടെയും സുകൃതങ്ങളാണ്. ശ്രീ പി.കെ. വാരിയർക്ക് അഭിവാദനങ്ങൾ.